വൈദ്യുതി ചാർജ് വർദ്ധനവുമൂലം വ്യവസായ രംഗത്തുണ്ടായ പ്രതിസന്ധി

12 (*282)ശ്രീ. കെ. സുധാകരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അടൂർ പ്രകാശ് :

ശ്രീമതി രാധാ രാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചതുമൂലം സംസ്ഥാനത്തെ വ്യവസായങ്ങളുടെ ശരാശരി ഉൽപ്പാദന ച്ചെലവ് എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്;

(ബി) ഇത് നിലവിലുള്ള വ്യവസായങ്ങളെ എപ്രകാരം ബാധിക്കു മെന്ന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം വൈദ്യുതി ചാർജ് വർദ്ധിപ്പിച്ചത് വ്യവ സായങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(ഡി) പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിൽ അതിന് എന്തു പരിഹാര മാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഏകദേശം 10 ശതമാനം വർദ്ധിച്ചിട്ടുള്ളതായി കണക്കാക്കപ്പെടു ന്നു.

(ബി) ഉണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഓരോ വ്യവസായത്തിന്റേയും സ്വഭാവം അനുസരിച്ച് അതത് സ്ഥാപനം തന്നെ ഉചിതമായ പരിഹാരമാർഗ്ഗം കണ്ടെത്തേണ്ടതാണ്.

പഞ്ചായത്തുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുവാൻ നടപടി

13 (*283)ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുവാനും പഞ്ചാ യത്തുകളിൽ ഓഫീസ് ഓട്ടോമേഷൻ നടത്തുവാനും പദ്ധതി ആവിഷ്ക്കരിച്ച ട്ടുണ്ടോ;

(ബി) പഞ്ചായത്ത് രംഗത്ത് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) പഞ്ചായത്തുകളെ ഇന്റർനെറ്റിലൂടെ ബന്ധിപ്പിക്കുവാൻ പദ്ധതി യില്ല. പഞ്ചായത്തുകളിൽ ഓഫീസ് ഓട്ടോമേഷൻ നടത്തുവാൻ പദ്ധതിക ളുണ്ട്. ഇൻഫർമേഷൻ കേരള മിഷനാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കു ന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഇൻഫർമേഷൻ കേരള മിഷൻ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

(1) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ആസൂത്രണ ഓഫീസുകൾ, സംസ്ഥാന ആസൂത്രണ ബോർഡ് എന്നിവയെ ഒരു കംപ്യൂട്ടർ ശൃംഖലകൊണ്ട് ബന്ധിപ്പിക്കുക;

(2) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കംപ്യൂട്ടർവൽക്കരണത്തിനാവശ്യമായ ആപ്ലിക്കേഷൻ പാക്കേജുകൾ വികസിപ്പിക്കുക.

(3) കംപ്യൂട്ടർ പ്രവർത്തിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, സെക്രട്ടറി, പ്രസിഡന്റ് എന്നിവർക്കും ആവശ്യമായ പരിശീലനം നൽകുക.

(4) കമ്പ്യൂട്ടറിന്റേയും ശൃംഖലയുടേയും കുറ്റമറ്റ പ്രവർത്തനത്തിനാവശ്യമായ സാങ്കേതിക സഹായം ഉറപ്പു വരുത്തുക.

ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിനായി നടപടി

14 (*284)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടെക്സ്റ്റയിൽ മില്ലുകളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അടഞ്ഞുകിടന്നിരുന്ന ടെക്സ്റ്റയിൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) കണ്ണൂർ തിരുവേപ്പതി സ്പിന്നിംഗ് മിൽ കഴിഞ്ഞ രണ്ടു വർഷമായി ലോക്കൗട്ട് ചെയ്തിരിക്കുകയാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള തുണി വ്യവസായ സെക്ടറിനു കീഴിലുള്ള സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ടെക്സ്റ്റയിൽ സെക്ടർ കമ്മിറ്റി രൂപീകരിക്കുകയും, ഈ സെക്ടറിനെക്കുറിച്ചുള്ള വിശദമായ പഠന റിപ്പോർട്ട് കമ്മിറ്റി സമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് പ്രകാരമുള്ള പുനരുദ്ധാരണ പദ്ധതിക്ക് ഏകദേശം 100 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ പുനരുദ്ധാരണപദ്ധതിക്ക് കേരളാ വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും (കെ.ഐ.ആർ.എഫ്.ബി) മറ്റ് ധനകാര്യ സ്ഥാപനങ്ങൾ മുഖേനയും ധനസഹായം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. കേരള വ്യവസായ പുനരുദ്ധാരണ ഫണ്ട് ബോർഡ് (കെ.ഐ.ആർ.എഫ്.ബി.) മുഖേന ധനം സ്വരൂപിച്ചുകഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly